16	Vanchiyoor.	Malayannur.	Changalacherri.	Malaranoor	Vanniyamoola Narayana Pillai's compound	Vanniyakudi.	Public Road running near the 1st mile.	Malaranoor Aeala	19	Malaranoor.	615	
17	Vattiyurkavu.	Anchamada.	Anchamada.	Jagathi Bridge	Mr. Sri Narayanan Tampi's Bungalow.	Mr. Sri Narayanan Tampi's Hill.	Road leading to Jagathy Bridge and Poojapura.	Jagathy Bridge and River.	20	Jagathy Bridge	300	
18	Do	Do	Do	Thirumala.	Road leading from Manthan kuzhi anuma to Thirumala Market.	Road leading from Poojapura to Kunnala Mankadavil.	Mr Nagamali's Bungalow.	Kattupurayidom	21	Thirumala	65	
19	Vanchiyoor	Changalacherri.	Changalacherri.	Tycaud.	Road leading from the Residency Eastern gate to Poojapura	Changalacherri Aeala	From the Lines and Cherruvilagom Purayidom	Residency Eastern Road.	22	Tycaud	565	
20	Palkulangara	Palkulangara.	Palkulangara.	Kallampallam	Lane leading Sevalankadai and Chunthuvilakom Purayidom	Kallampalli Road from Kythamukku &c. to Chakka &c. via Kanjiravilakom	Valakudi vilakom.	Chunthu vilakomunni purayidom	23	Palkulangara.	600	
21	Do.	Do	Do	Kanjiravilakom.	Thakkathil Purayidom and Pilavilaka Purayidom.	Pagoda and Kottuvilakom purayidom	Kottuvilakom Purayidom and Panachal purayidom	Panavilakom and Plavilakom	24	Puthen Panachivattom.	900	

No. for 1083.	Particulars of shop.			Name by which the shop is known.	Locality of the shop				Particulars of the corresponding shops for 1082.		Bid amount for 1082.	Remark.
	Adhikaram.	Muri.	Pakuthi.		North	East.	South	West.	No.	Name.		
22	Palkulangara.	Palkulangara.	Palkulangara.	Chakai-kakkakalavu	Chakai road Karalikakamumpu Perui aela Soma's nilam mmulurpu.	Nalacherumulumpo and Thoppu.	Kaipalhvaha nilam ukatthua nilam	Parrathi puthanai road to Vallakalaru Kakahalaru,	25	Chakaikakakalavu.	670	
23	Do.	Do.	Do.	Karikakam.	Appuru marupani puthumulumpa & Vayal.	River.	Thunumacheri munumpu puraidam	Parai aela.	26	Karikakam.	700	
24	Do.	Vayyamoola	Do.	Kannanthura.	Kurusupalli.	Vallamaual.	Kannanthura palli	Sea.	28	Kannanthura.	300	No. 27 abolished.
25	Do.	Karikakam	Do.	Karikakam.	Mantavilakam puraidam.	Pera aela.	Manalathura puraidam.	Vellamanal.	29	Karikakam.	300	
26	Do.	Kadakampalli.	Kadakampalli.	Anayara.	Malloor puraidam	Kadacampalli Madathuvilakam puraidam & kizhaveer vadakumpuram puraidams.	Chuttathuculam	Anayara pulunjaru aela-	30	Anayara.	287	
27	Do.	Do.	Do.	Do.	Kuzhokunnu and Kolathuvilakam puraidams.	Aela	Puli and Madam.	Puthanvilakam Anharvilakam, Kulikunnu, Vananvilakam, Kolekulancara puraidam	31	Anayara.	360	
28	Vanchiyoor.	Pathirakari.	Vanchiyoor.	Pattoor	Vathazhakadu Nanthavanam	Road to the Engineer's office.	Road to chakai.	Nandavanam puthuval puraidam	32	Pattoor.	525	
29	Do.	Vaithalakadu.	Chengazhacheri.	Vaithalakaud.	Vaithazhakadu Nanthavanam.	Vaithalakadu aela	Road to the cantonment from Thycaud.	Nandavanam puthuval road.	33	Vaithazhakaud	540	
30	Do.	Kunnukuzhi.	Vanchoor.	Kunnukuzhi.	Kunnukuzhi aela.	Road to the Engineer's office from the house of George book-binder Kunnukuzhi	Road from Pattoor to Kunnukuzhi.	Kunnukuli karinilam & road through Thazhathurcottu gate	34	Kunnukuzhi.	671	
31	Do.	Do.	Do.	Mailarapattam.	Kunnukuzhi aela.	Kuruvalikunnu charivu.	Road to Kunnukuzhi from manapalam,	Kollom Palam.	35	Mailara pattam.	600	
32	Palkulangara.	Kadacompalli.	Kadacampalli.	Oolambuzhi, Manakaud.	Anayara vadakkai aela.	Anayara kizhakkai aela.	Thoppu puraidam	Madathurazhi.	36	Oolankuzhi, Manakaud.	155	
33	Do.	Karikakam.	Palkulangara.	Karikakam.	Aayiram Thoppu.	River.	Kollam peruvazhi.	Vellamanal.	37	Karikakam.	410	

No. for 1083.	Particulars of shop.			Name by which the shop is known.	Locality of the shop				Particulars of the corresponding shop for 1082.		Rent for 1082	Remarks.
	Adhigaram	Muri.	Pakuthi.		North	East.	South.	West.	No.	Name.		
34	Pallukanagara	Karikakam.	Pettathuragira	Karikakam	Kurisumandu.	Vallimandi.	Karavil kom.	Sea	38	Karikakam	401	
35	Do.	Pallimuri.	Kudakamapalli	Onnvathalakulah.	Vallithike	Aenla	Road from Onnvathal Kuthu to Vallilike	Pullichavilakam Purayidom	39	Onnvathal Kuttah.	262	
36	Kulathur.	Vettucad	Cheruvayikal.	Akulathuravuppankuzhi	Road from Ullur to Akulathu and that to Puliyarar Kuttah.	Diesser's Hill and road leading to Purayimankottah	Vauprankuzhi Oriyan Pillai compound and Thoruvakal aela	Akulathu Kayal Aeala and Vittikkara	40, 41	Akulathuravuppan Kuzhi	395	
37	Ullur	Do	Mulathuvilakom	Ullur Bridge.	Ullur Bridge and the road from Pattom to Ullur.	Ulloor ala	Road leading to Ulloor ala via Maniyan Komathu Unnni house	Road leading to Ulloor ala.	42	Ulloor Bridge	357	
38	Do.	Cheruveykkal	Cheruvykkal.	Kumarapuram	Sultan Pillay's shop.	Road from Kumarapuram to Ulloor.	Road from Kumarapuram Public road to Thoruvakkal	Thoruvakkal ala.	43	Kumarapuram.	450	
39	Pattom.	Mudathuvilakam.	Madathuvilakom	Makka Pattom	Road to Kumarapuram and Thamara Bagom ala	Road to Kumarapuram via Dr. Subramoniyan's Hill and that from Pattom to Ulloor.	Dr. Soobramania Iyer's Hill and Thamara Bagam Kulam.	Makka Pattom ala Thamara Bhagom ala.	44, 45	Makka Pattom.	315	
40	Do	Do	Do.	Kizhakka Pattom.	Punnathurutha and Champuvila.	Road from Punnathel Palam to Ulloor	Road to Kannammula from the Main Road.	Kizhakka Pattom ala.	46	Kizhakka Pattom	816	
41	Do.	Vallavedu.	Do.	Nanthancode.	Nanthancode ala,	Road from the Western Gate Government Museum to Nanthancode.	Mr. Mudaliar's Bungalow	Vadakku Nanthancode ala	47	Nanthancode.	720	
42	Valiyamalavu.	Ancheemudi.	Ancheemudi	Sasthamangalam	Kutta Purayidom and road to Sasthamangalam to Munthirikuzhi.	Kuchattuvarampu and road to Ullupuram to Sasthamangalom.	Karadian Bungalow and road to damru Kochiar.	Kanode ala and road to Sasthamangalom	48, 49	Sasthamangalam and Oollappura	365	
43.	Do	Mudavanmugal	Do	Edapazhanji.	Ala.	Ala.	Road from Union Club to Pungode Kochar.	Parathekunnu.	50	Edapazhanji.	206	New shop
44	Vanchiyur	Thampanur	Thampanoor.	Azhunukal.	Chenkalchoola.	Thampanoor Eastern road.		Public Main Road.				

S. GOPALACHARIYAR,
Dewan.

പരസ്യം.

൧൦൮൩-ാമാണ്ടിലും ൧൦൮൪-ാമാണ്ടിലും അഫീനും കഞ്ചാവും വില്ക്കുന്നതിലേക്കുള്ള അവകാശത്തെ വില്ക്കുന്നതു സംബന്ധിച്ചുള്ള പരസ്യം.

൧൦൮൩-ാമാണ്ടിലും ൧൦൮൪-ാമാണ്ടിലും സംസ്ഥാനം ഒട്ടുക്ക അഫീനും കഞ്ചാവും വില്ക്കുന്നതിലേക്കുള്ള പൂർണ്ണാവകാശത്തെ താലൂക്ക താലൂക്കായിട്ടു, ഇതിനുതാഴെ ചേർത്തിട്ടുള്ള ലിസ്റ്റിൽ കാണിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും തിയതികളിലും, ലിസ്റ്റിൽ പറയപ്പെട്ടിട്ടുള്ള ആഫീസർമാർ ലേലത്തിൽ വില്ക്കുന്നതാകുന്നു.

൨. ഈ പരസ്യത്തിന്റെ കാര്യത്തിലേക്ക പീരുമേട്ടിനെയും, പീരുമേട്ട ഒഴികെ ഉള്ള ഹൈറേഞ്ജിനെയും പ്രത്യേകം രണ്ടു താലൂക്കുകൾ ആയി ഗണിക്കുന്നതാകുന്നു. ഈ രണ്ടു സ്ഥലങ്ങളുടെയും അധികാരാതിർത്തികൾ, ൧൯൦൩ നവമ്പർ ൨൭-ലെ ഗവർമ്മെണ്ട് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നവതന്നെ ആകുന്നു.

വില്പന മുതലായവയ്ക്കുള്ള പൊതു വ്യവസ്ഥകൾ.

൧. ഈ സ്വാതന്ത്ര്യത്തിനുള്ള ലേല വില്പനയിൽ വിളിച്ചുകൊള്ളുന്നതിനു ഉദ്ദേശിക്കുന്ന ആളുകൾ ഇതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളേയും ചട്ടങ്ങളേയും ശാസനങ്ങളേയും അനുസരിച്ചു നടക്കുന്നതിനു സന്നദ്ധന്മാരായിരിക്കേണ്ടതാകുന്നു.

൨. ലേലം വിളിച്ചുകൊള്ളുവാൻ നിശ്ചയിക്കുന്ന ഓരോ ആളും താൻ വിളിച്ചുകൊള്ളുവാൻ നിശ്ചയിക്കുന്ന ഓരോ താലൂക്കിലേക്കും ൫൦ രൂപാ വീതം നിരതദ്രവ്യം ലേലത്തിനു ൩ പൂർണ്ണദിവസങ്ങൾക്ക കുറയാതെ മുമ്പായി ഏതെങ്കിലും അടുത്ത താലൂക്ക ഖജനാവിൽ ഒടുക്കി അതിലേക്കുള്ള രസീതു ലേലവില്പന സമയത്തു ലേലം നടത്തിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. മേൽപറഞ്ഞ കാലത്തിനു മുമ്പായിട്ടു നിരതദ്രവ്യത്തെ ഒടുക്കിയില്ലെന്നുവരികിൽ പിന്നീടു ഒടുക്കുന്ന നിരതദ്രവ്യത്തെ വാങ്ങിക്കുകയൊ സമ്മതിക്കുകയൊ ചെയ്യുന്നതല്ലെന്നു വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

൩. ലേലം വിളിച്ചുകൊള്ളുവാൻ ഉദ്ദേശിക്കുന്ന ഓരോരുത്തനും മേൽ പറഞ്ഞതായ നിരതദ്രവ്യം വകയ്ക്കുള്ള രസീതിനു പുറമെ താഴെ എഴുതിയിരിക്കുന്ന ൨ സർട്ടിഫിക്കെറ്റുകൾകൂടി ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. (൧) ഒരു ആണ്ടിൽ പിടിക മുതലായവകൾക്കുള്ള കുത്തകകളുടെയും ഇരട്ടി തുകക്ക കുറയാതെ വിലപിടിക്കുന്ന സ്ഥാവരവസ്തുക്കൾക്ക താൻ ഉടമസ്ഥൻ ആണെന്നും അവയെ താൻ അനുഭവിച്ചു വരുന്നു എന്നും അവയെ വിനിയോഗിക്കുന്നതിനുള്ള അധികാരം തനിക്കു ഉണ്ടെന്നും ഉള്ള വിവരത്തിനു അയാൾ ഏതു താലൂക്കിൽ പാർക്കുകയൊ ഈ വസ്തു അനുഭവിക്കയൊ ചെയ്യുന്നുവോ ആ താലൂക്കിലെ തഹശീൽദാരുടെ സർട്ടിഫിക്കെറ്റും (൨) ആ വസ്തു യാതൊരു കടം ബാദ്ധ്യതക്കും ഉൾപ്പെട്ടിട്ടുള്ളതല്ലാ എന്നുള്ള വിവരത്തിനു ഏതു റെജിസ്ത്രേഷൻ ആഫീസരുടെ അധികാര സ്ഥലത്തിനു അകത്തു വസ്തു കിടക്കുന്നുവോ ആ ആഫീസർ കൊടുക്കുന്ന സർട്ടിഫിക്കെറ്റും.

൪. ലേലം വിളിച്ചുകൊള്ളുവാൻ നിശ്ചയിക്കുന്ന ഓരോ ആളും അയാൾ തനിക്കുവേണ്ടിയൊ തന്റെ കുടുംബത്തിലേക്കൊ തന്റെ (പേരം) വർത്തക സംഘത്തിലേക്കുവേണ്ടിയോ ലേലം വിളിച്ചുകൊള്ളുന്നു എന്നുള്ള വിവരത്തിനു കേവലമായ ഒരു പ്രതിജ്ഞാപത്രം ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാക്കേണ്ടതാകുന്നു. അയാളുടെ കുടുംബത്തിലേക്കൊ വർത്തക സംഘത്തിലേക്കൊ വേണ്ടി വിളിച്ചുകൊള്ളുകയാണെങ്കിൽ ആ കുടുംബത്തിലെയൊ വർത്തകസംഘത്തിലെയൊ ആണുങ്ങൾ ആയും പെണ്ണുങ്ങൾ ആയും ഉള്ള പ്രായംചെന്ന മററ അംഗങ്ങളുടേയും ഇതിലേക്കുള്ള കേവലം ആയ സമ്മതം ഒരു തഹശീൽദാരോ മാജിസ്ത്രേട്ടിനോ എക്സൈസ് ഇൻസ്പെക്ടരോ പാർവ്വത്യകാരനോ കൊണ്ടു സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതും ആകുന്നു.

൫. ഒരാൾ മററു ഒരാൾക്ക വേണ്ടി ഏജൻടായി ലേലം വിളിച്ചുകൊള്ളുമ്പോൾ ക്രമപ്രകാരം അധികൃതമായ മുക്ത്യാർനാമാ അയാൾ ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കിയാൽ അല്ലാതെ അയാളെ അനുവദിക്കുന്നതല്ലാ.

൭. ലേല വില്പന നടത്തുന്നതിനെ കുറിച്ചു നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയത്തും സ്ഥലത്തും വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പനക്കുള്ള പരസ്യത്തെ വായിപ്പിക്കേണ്ടതും ഈ ചട്ടങ്ങൾ അനുസരിച്ചു ആവശ്യമുള്ള വ്യവസ്ഥകൾ എല്ലാം പൂത്തിയായി സാധിപ്പിക്കപ്പെട്ടിട്ടുണ്ടെന്നോ താൻ തന്നെയൊ ഇതിലേക്കായി നിയുക്തനായ ഒരു ഉദ്യോഗസ്ഥൻ മുഖേനയൊ ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതും ആകുന്നു.

൮. ലേലത്തിൽ വിളികേൾക്കാൻ നിശ്ചയിക്കുന്ന ആരേയും താഴെ വിവരിക്കുന്ന കാരണങ്ങളിന്മേൽ അങ്ങിനെ വിളികേൾക്കുന്നതിൽ ഉൾപ്പെടുത്താതിരിക്കുന്നതിനു ലേല വില്പന നടത്തുന്ന ഉദ്യോഗസ്ഥന്നു അധികാരം ഉണ്ടു:—

(൧) തിരുവിതാംകോട്ട ശിക്ഷാനിയമം അനുസരിച്ചുള്ളതും സദാചാരഭ്രഷ്ടത അടങ്ങിയതും ആയ ഒരു കുറ്റത്തിന്നൊ കുറ്റങ്ങൾക്കൊ ആയി ഒരു ക്രിമിനൽ കോട്ടിനാൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുന്ന ആൾ ആണെന്നൊ,

(൨) ഉപ്പു, പുകയില, കള്ളു, അഫീൻ, കഞ്ചാവ്, ചരക്കു ചുങ്കം മുതലായ ഗവമ്മെണ്ടു കുത്തകപ്പാട്ടത്തിനെ സംബന്ധിച്ചുള്ള നിയമങ്ങൾ അനുസരിച്ചു ഉള്ള യാതൊരു ഗൌരവപ്പെട്ട കുറ്റവും ആയാളുടെമേൽ കുറ്റസ്ഥാപനമായിട്ടുണ്ടെന്നൊ,

(൩) കള്ളു വകയിലൊ അഫീൻ വകയിലൊ ഉള്ള കുത്തകപ്പാട്ടത്തിനെ സംബന്ധിച്ചു ഗവമ്മെണ്ടിലേക്കു ആയാൾ പതിവായി കടിശ്ശിക വരുത്തുന്നുണ്ടെന്നൊ,

(൪) ആയാൾ മുമ്പുള്ള ഒരു കുത്തകകാലത്തു വീഴ്ചക്കാരനായി തീന്നിട്ടുണ്ടെന്നൊ ഇപ്പോൾ അധികമായ കടിശ്ശിക തീക്കാനുണ്ടെന്നൊ,

(൫) മുൻ ഒരു കുത്തക കാലത്തു കുത്തകക്കാരനായൊ ആയാളുടെ ഏജണ്ടായൊ ലൈസൻസിലെ പ്രധാനഷരത്തെ ലംഘിച്ചിട്ടുണ്ടായിരുന്നു എന്നൊ,

(൬) ആയാൾ ഗവമ്മെണ്ടിന്റെ താഴെ ഉദ്യോഗമായി ജീവനത്തിൽ ഇരിക്കുന്ന സക്കാർ ജീവനക്കാരനാകുന്നു എന്നൊ,

(൭) അല്ലെങ്കിൽ ആയാൾ നല്ല പേരുള്ള ആൾ അല്ലെന്നൊ

൮. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ അതിനുള്ള ഓരോ ഇനത്തേയും വില്പന പരസ്യത്തിൽ കാണിച്ചു ചേത്തിരിക്കുന്ന ക്രമത്തിനു പ്രത്യേകം പ്രത്യേകം ആയി ലേലം ചെയ്യേണ്ടതാകുന്നു. എന്നാൽ ഇതിനു വിപരീതമായി ലേലം ചെയ്യുന്നതിനു വല്ല കാരണവും ഉണ്ടായിരുന്നാൽ അങ്ങിനെയും ചെയ്യാം.

൯. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പന പരസ്യത്തിൽ തറ തുകയായി കാണിച്ചിരിക്കുന്ന കുത്തക തുകയായി വിവരിച്ചിരിക്കുന്ന തുകയെ ആദ്യത്തെ വിലയായി നിയമേന വിളിച്ചു തുടങ്ങേണ്ടതാകുന്നു.

൧൦. മതിയായ ഇടത്തോളമൊ ശരിയായൊ ഉള്ള മത്സരം ലേലം വിളികേൾക്കുന്നതിൽ ഉണ്ടായിട്ടില്ലെന്നു ലേലം നടത്തുന്ന ഉദ്യോഗസ്ഥന്നു ബോദ്ധ്യം വന്നാൽ ആ ലേലത്തെ പൂത്തിയാക്കാതെ പിറ്റെ ദിവസം ഒരു കല്പിച്ചമായ സമയത്തു ആ ലേലം നടത്തുന്നതാണെന്നുള്ള വിവരം പരസ്യമായി തെരിയപ്പെടുത്തി അങ്ങിനെ മാറ്റി വെക്കുന്നതിനു ആ ഉദ്യോഗസ്ഥന്നു അധികാരമുണ്ട്.

൧൧. ദിവാൻജി അല്ലാത്ത ഒരു ഉദ്യോഗസ്ഥൻ നടത്തുന്ന യാതൊരു ലേല വില്പനയും ദിവാൻജി സ്ഥിരപ്പെടുത്തിയാൽ അല്ലാതെ തീച്ചയാകുന്നതല്ല.

൧൨. ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ഏതു ഏതു ഇനങ്ങൾ ആ ലേലം നടത്തി എന്നും ലേലത്തിന് വിളി കേട്ടവരുടെ പേരുകളും, അവർ വിളികേട്ട ഓരോ ഇനത്തിലേക്കുള്ള തുകയും ലേലം കൊള്ളുവനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ആളുടെ പേരും കാണിച്ചു ഒരു പൂർണ്ണമായ വില്പന ലിസ്റ്റ് ലേല അവസാനത്തിൽ തയാറാക്കേണ്ടതാകുന്നു. ഈ ലിസ്റ്റിനെ ലേലം നടത്തുന്ന ഉദ്യോഗസ്ഥനും ലേലത്തിൽകൊണ്ട ആളും ലേല സ്ഥലത്തുവെച്ചു തന്നെ നിയമേന ഒപ്പിട്ടു തീയതി വെക്കേണ്ടതാകുന്നു.

൧൩. ലേല സ്ഥലത്തും ലേല സമയത്തും വല്ല തക്കവും ഉണ്ടായാൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീച്ച അവസാന തീച്ചയായി ഇരിക്കുന്നതാകുന്നു. വല്ല കാരണത്താലും വിളികേട്ടതിൽ ഏറ്റവും കൂടിയ തുകയെ ഉപേക്ഷിക്കേണ്ടി വരുമ്പോൾ ആവശ്യം എന്നു കാണുമ്പോലെ അതിനു അടുത്ത കൂടുതൽ തുകയെ സ്വീകരിക്കയൊ ലേലത്തെ പിന്നെയും നടത്തുകയൊ ചെയ്യാവുന്നതാകുന്നു.

൧൪. ലേലം കൊണ്ടവനായി നിശ്ചയിക്കപ്പെടുന്ന ഓരോരുത്തനും ഉടൻ തന്നെയോ ആ ദിവസം അവസാനിക്കുന്നതിനു മുമ്പിലോ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തിനു പുറമേ ഒരു മാസത്തെ കിസ്തിനുള്ള തുക ഉടൻ കെട്ടിവെക്കേണ്ടതാകുന്നു. ഇങ്ങിനെ കെട്ടിവെക്കുന്നതു പണമായിട്ടോ ഇൻഡ്യാ ഗവൎമ്മെണ്ടിലെ പ്രാമിസറി നോട്ടുകളായിട്ടോ സേവിങ്ങ്സ് ബാങ്കിൽ അടച്ചിട്ടുള്ള പണത്തെ (നിക്ഷേപദ്രവ്യത്തെ) ദിവാന്റെ പേൎക്കു ക്രമപ്രകാരം എൻഡോഴ്സ് ചെയ്തിട്ടോ ആകാവുന്നതാകുന്നു. അയാൾ അങ്ങിനെ ചെയ്യില്ലെങ്കിൽ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തെ ഗവൎമ്മെണ്ടിലേക്കായി പിടിച്ചു അടക്കുകയും ആ ഇനത്തെ ഉടൻ തന്നെയോ മേലാൽ പരസ്യപ്പെടുത്തുന്ന മറ്റൊരു ദിവസത്തിലോ ലേലത്തിനു വില്ക്കുകയും ചെയ്യുന്നതാകുന്നു. ഇങ്ങിനെ വീഴ്ച വരുത്തിയവനെ ഇതിലേക്കു തന്നെയോ ആ ആണ്ടിൽ മറ്റുവല്ല ഇനത്തിലേക്കുമോ വിളി കേൾക്കുന്നതിനു അനുവദിക്കുന്നതല്ല.

൧൫. ഓരോ ഇനത്തിലേക്കും ഉള്ള ലേല വില്പനയെ സ്ഥിരപ്പെടുത്തീട്ടുള്ള വിവരം കഴിയുന്നിടത്തോളം വേഗത്തിൽ രേഖാമൂലമായി ലേലത്തിൽ കൊണ്ടവനെ അറിയപ്പെടുത്തേണ്ടതാകുന്നു.

൧൬. ലേലത്തിൽ കൊണ്ടവൻ മുമ്പു കെട്ടിവെച്ചിട്ടുള്ള തുകകളോടു കൂട്ടിയാൽ മൂന്നു തവണക്കുള്ള കിസ്തിന്റെ തുകയായി വരുന്നതിനു വേണ്ട പണം, ലേലം സ്ഥിരപ്പെടുത്തിയിരിക്കുന്ന വിവരം അയാളെ അറിയപ്പെടുത്തിയ തീയതി മുതൽ പത്തു ദിവസത്തിനകം അയാൾ കെട്ടിവെക്കേണ്ടതും ൧൪-ാം വകുപ്പിൽ പറഞ്ഞ തുക കെട്ടിവച്ച തീയതി മുതൽ പത്തു ദിവസത്തിനകം ആവശ്യം ഉള്ള ഉടമ്പടി എഴുതികൊടുക്കുകയും ആവശ്യം ഉള്ള ലൈസൻസ് വാങ്ങിക്കൊള്ളുകയും ചെയ്യേണ്ടതും ആകുന്നു. അങ്ങിനെ വേണ്ട കൂടുതൽ തുക കെട്ടിവെക്കയോ ഉടമ്പടി എഴുതി കൊടുക്കയോ ചെയ്യാതിരുന്നാൽ ൯-ം ചട്ടം ൧൪-ം വകുപ്പനുസരിച്ചു ഉള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു. ഉടമ്പടി എഴുതി കൊടുക്കുംമുമ്പെ ലേലത്തിൽ കൊണ്ടവൻ മരിക്കുന്നതായാൽ മരിച്ചവന്റെ അവകാശികളെക്കൊണ്ടു ഉടമ്പടി എഴുതി വാങ്ങിക്കൊണ്ടാൽ എന്നു ദിവാൻ നിശ്ചയിക്കുന്നില്ലെങ്കിൽ അവരുടെ പക്കൽ നിന്നു തന്നെ ഉടമ്പടി എഴുതി വാങ്ങിക്കേണ്ടതാകുന്നു.

൧൭. ലേലത്തിൽ കൊണ്ടവന്റെ പക്കൽ നിന്നു ജാമ്യം വാങ്ങിക്കേണ്ടതു ആവശ്യം ആണെന്നു വല്ല ദശയിലും കാണുന്നതായാൽ അയാൾ ഒടുക്കേണ്ടതായ മൂന്നു തവണകൾക്കുള്ള കിസ്തുകളിൽ കവിയാത്ത ഒരു തുക ജാമ്യമായി ഒടുക്കേണ്ടതാണെന്നു ദിവാൻ അയാളോടു ആവശ്യപ്പെടാവുന്നതാകുന്നു. അപ്രകാരം ഉള്ള ജാമ്യം അനുവദിച്ചിട്ടുള്ള കാലത്തിനകം ഒടുക്കുന്നതിനു വീഴ്ച വരുത്തുന്നതു ൯-ം ചട്ടം ൧൪-ം വകുപ്പനുസരിച്ചുള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു.

൧൮. വീണ്ടും ലേലം ചെയ്യേണ്ടതായി വരുന്ന യാതൊരു സംഗതിയിലും ആദ്യത്തെ വില്പനക്കുള്ള മാതിരിയിലും കാലസംഖ്യക്കും പുതുതായി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൧൯. ലേലത്തിൽകൊണ്ട ഏതു ആളുടെ വീഴ്ച നിമിത്തം വീണ്ടും ലേലത്തിൽ വില്ക്കുന്നതിനു ഇടയാകുന്നുവോ ആ ഓരോ ആളും വീണ്ടും ലേലം ചെയ്യുന്നതിൽ പണത്തിൽ വല്ല കുറവും ഉണ്ടെങ്കിൽ അതു ഉൾപ്പെടെ വീണ്ടും ലേലം നിമിത്തമായി ഗവൎമ്മെണ്ടിനു ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായി ഇരിക്കേണ്ടതാകുന്നു. എന്നാൽ വീണ്ടും ലേലത്തിൽ വില്ക്കുന്നതിനാൽ ഉണ്ടാകുന്ന യാതൊരു ലാഭത്തിനും അയാൾക്കു അവകാശവും ഇല്ല.

൨൦. അങ്ങിനെയുള്ള ഉത്തരവാദിത്വത്തിലേക്കായി അയാൾ കെട്ടിവെച്ചിട്ടുള്ളതോ അയാൾക്കു ചെല്ലേണ്ടതായി ഗവൎമ്മെണ്ടിൽ നില്പുള്ളതോ ആയ ഏതു തുകയേയും ആദ്യമായി ഉപയോഗിക്കുന്നതാകുന്നു. എന്നിട്ടും വല്ല ബാക്കിയും അയാളുടെ പക്കൽ ഈടാകാൻ ഉണ്ടായിരുന്നാൽ അതിനെ കരകുടിശ്ശികപോലെ അയാളുടെ പക്കൽ നിന്നു ഈടാക്കാവുന്നതാകുന്നു.

൨൧. ഈ ചട്ടങ്ങളിൽ ൧൪-ം വകുപ്പും ൧൬-ം വകുപ്പും അനുസരിച്ചു കെട്ടീട്ടുള്ള ഡെപ്പോസിറ്റുകളെ സൎക്കാരിലേക്കു ഒടുക്കീട്ടില്ലാത്ത വഴിക്കു ആ ഡെപ്പോസിറ്റുകളേയും ൧൭-ം വകുപ്പു അനുസരിച്ചുള്ള ജാമ്യ തുകയേയും ലൈസൻസിലെ വ്യവസ്ഥകളെ ശരിയായി നടത്തുന്നതിലേക്കുള്ള ഉറപ്പിനു വേണ്ട ബാദ്ധ്യതയായി വെച്ചിരിക്കുന്നതാകുന്നു.

൨൨. വീഴ്ച നിമിത്തമോ ജോലി നടത്തുന്നതു നിറുത്തിയതു നിമിത്തമോ ഒരു സ്വാതന്ത്ര്യാവകാശത്തെ വീണ്ടും വില്ക്കേണ്ടി വരുന്ന സംഗതിയിൽ പുതുതായി ഒരു കുത്തകക്കാരൻ ആ ജോലി തുടങ്ങുന്നതു വരെയോ ഗവൎമ്മെണ്ട് ആവശ്യം എന്നു വിചാരിക്കുന്ന സമയം വരെയോ

Excise.

ഡിപ്പാർട്ടുമെണ്ട് ഉദ്യോഗസ്ഥന്മാരെക്കൊണ്ടോ ഈ കുത്തക ഉടമ്പടി അനുസരിച്ചുള്ള ജോലി നടത്തുന്നതി നു എക്സൈസ് കമ്മീഷണർക്കു ഗവൎമ്മെണ്ട് അധികാരം കൊടുക്കാവുന്നതാകുന്നു. പുനർ വിക്രയ ത്തെ ദിവാൻ സ്വീകരിച്ചുവെന്നാകിലും പുനർ വിക്രയം അധികമായെന്നു ദിവാൻ വിചാരിക്കുമ്പോൾ ചെയ്യുന്നതായാൽ ആ കാലാവധിയിൽ ബാക്കിയുള്ള കാലത്തേക്ക ത നിക്ക യുക്തം എന്നു തോന്നുന്ന ഏൎപ്പാട ദിവാൻ ചെയ്യാവുന്നതാകുന്നു. ഈ സംഗതിയിലും എ ല്ലാ നഷ്ടത്തിനും വീഴ്ചക്കാരനെ ഉത്തരവാദിയാക്കുന്നതാകുന്നു.

൨൩. ഒരു വിക്രയം അവസാനിച്ചതിന പിന്നെ കഴിയുന്നതും വേഗത്തിൽ മേലത്തിൽ കോണ്ട്രാക്ടർ ഒഴിച്ചു മറ്റുള്ളവർ കെട്ടി വച്ചിട്ടുള്ള നിരത ദ്രവ്യങ്ങളെ മടക്കി കൊടുക്കുന്നതിനു ഉത്തരവു കൊടുക്കേണ്ടതാകുന്നു.

൨൪. ദിവാൻെറ അനുവാദം കൂടാതെ തൻെറ ഉടമ്പടിക്കോ ലൈസൻസിനൊ വിഷയം ആയ കാൎയ്യത്തെ വിൽക്കുന്നതിനൊ പാട്ടം കൊടുക്കുന്നതിനൊ മറ്റു വിധത്തിൽ കൈമാറുന്ന തിന്നൊ യാതൊരു കുത്തകക്കാരനും ലൈസൻസ് വാങ്ങിച്ചിട്ടുള്ള വിക്രയിക്കും അധികാരം ഇല്ല.

൨൫. ഒരു കുത്തകക്കാരനോ ലൈസൻസ് പിടിച്ച (വെണ്ടർ) വിക്രയിയോ അയാളു ടെ കുത്തകയുടെയോ ലൈസൻസിൻെറയോ ജോലി നടത്തുന്നതിനായി വല്ല ഏജണ്ടി നെയോ വേലക്കാരനെയോ നിയോഗിക്കുന്നതെന്നു ആ കുത്തകക്കാരനോടോ ലൈസൻസു കാരനോടോ ആവശ്യപ്പെടുന്നതു ആ കുത്തകയിലേയോ ലൈസൻസിലേയോ കാൎയ്യങ്ങൾ ശരിയായി നടത്തിക്കുന്നതിനു ഗുണകരം ആണെന്നു എക്സൈസ് കമ്മീഷണർ വിചാരിക്കുന്ന പക്ഷം അപ്രകാരം ചെയ്യണം എന്നു കമ്മീഷണർ ആവശ്യപ്പെടുമ്പോൾ അതു അനുസരി ച്ചു ഓരോ കുത്തകക്കാരനും ലൈസൻസ് വിക്രയിയും നടത്തേണ്ടതാകുന്നു. അങ്ങിനെ ആ വശ്യപ്പെടുന്നതു അനുസരിച്ചു നടത്താതിരുന്നാൽ അങ്ങിനെ വീഴ്ച ചെയ്യുന്ന ഓരോ ദിവസ ത്തേക്കും ൫ രൂപായിൽ കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു ആ കുത്തകക്കാരനോ ലൈ സൻസ് പിടിച്ച വിക്രയിയോ പാത്രം ആയി ഭവിക്കുകയും ചെയ്യും. ഒരു മാസം കാലത്തേ ക്ക തുടൎച്ചയായി വീഴ്ച വരുത്തുന്നതായാൽ ദിവാൻെറ യുക്തംപോലെ കുത്തകക്കാരൻെറ കുത്ത കയെയോ ലൈസൻസ് വിക്രയിയുടെ ലൈസൻസിനെയോ റദ്ദ് ചെയ്യാവുന്നതാകുന്നു.

൨൬. മേലംകൊണ്ട ആളോ അയാളുടെ ലൈസൻസ് വാങ്ങിക്കുന്നയാളോ അയാളുടെ കു ത്തകയുടെ ജോലിയിൽ പ്രവേശിക്കുന്നതിനു അയാൾക്കു നിയമേന അധികാരം ഉണ്ടായിരിക്ക യോ അയാളെ നിയമേന അധികാരപ്പെടുത്തുകയോ ചെയ്യുന്നതല്ലാ എന്നാൽ അയാൾ ലൈസൻ സ് വാങ്ങിയിരുന്നിരുന്നാൽ എന്നപോലെ കുത്തക അനുസരിച്ചു ഉത്തരവാദിത്വം ഉള്ളതായി ഗണിക്കുന്നതും ആകുന്നു.

൨൭. കുത്തകക്കാരുടെ കുത്തകകാലത്തിനുള്ള ആദ്യത്തെ കൊല്ലത്തിൽ ചിങ്ങമാസം ഒടുവി ലത്തെ ദിവസം തുടങ്ങി അതിനു മേലുള്ള മാസത്തിലെയും ഒടുവിലത്തെ ദിവസത്തിലൊ അ തിനു മുമ്പിലൊ ആയി മാസംതോറും ഉള്ള തുല്യം ആയ ൧൨ തവണകളിൽ ആയി അതാതു സ്ഥ ലത്തെ താലൂക്കു ഖജനാവിലൊ അതാതുകാലം ഉത്തരവു കൊടുക്കാവുന്ന മറ്റു ഖജനാവിലൊ ഒടുക്കേണ്ടതാകുന്നു.

൨൮. ഈ ചട്ടങ്ങൾ ൧൭-ാം വകുപ്പും ൧൮-ാം വകുപ്പും അനുസരിച്ചു കുത്തകക്കാരനൊ ലൈസൻസുകാരനൊ ഒടുക്കീട്ടുള്ള ഡിപ്പോസിറ്റ് തുക പണം ആയിട്ടായിരുന്നാൽ ഈ ചട്ടങ്ങ ൾ അനുസരിച്ചു അതിനെ മുമ്പിൽകൂട്ടി ഗവൎമ്മെണ്ടിലേക്കു ഒടുക്കീട്ടില്ലെന്നു വരികിൽ കുത്തക കാലത്തിലെ ഒടുവിലത്തെ മൂന്നു മാസം കാലത്തേക്ക ചെല്ലേണ്ട തവണകൾ ആയി മുതൽ വെക്കുന്നതാകുന്നു. അതു ഇൻഡ്യാ ഗവൎമ്മെണ്ട് പ്രാമിസറി നോട്ടുകളോ സേവിംഗ്സ് ബാ ങ്കിലെ നിക്ഷേപദ്രവ്യമോ ആയിരുന്നാൽ കുത്തകക്കാരനൊ ലൈസൻസുകാരനൊ ഒടുക്കേണ്ട തായ കിസ്തു തുക മുഴുവനും ഒടുക്കുമ്പോൾ അവൎക്ക തിരിയെ കിട്ടണം എങ്കിൽ തിരിയെ കൊടു ക്കുന്നതാകുന്നു. അങ്ങിനെ അല്ലാതിരുന്നാൽ ഈ പ്രാമിസറിനോട്ടുകളെയോ നിക്ഷേപദ്രവ്യങ്ങ ളേയോ വില്ക്കുകയൊ മറ്റുവല്ല വിധത്തിലും വിനിയോഗിക്കയൊ ചെയ്കയും, ഉണ്ടാകുന്ന തുക കളെ ഒടുവിലത്തെ മൂന്നുമാസം കാലത്തേക്ക ചെല്ലേണ്ട തവണകൾക്കായി മുതൽവെക്കയും, എന്നിട്ടും വല്ല ബാക്കിയും ഉണ്ടായിരുന്നാൽ അതിനെ കുടികടിസ്സിക എന്നപോലെ ഈടാക്ക ലും ചെയ്യേണ്ടതാകുന്നു.

൨൯. വല്ല തവണയൊ തവണകളൊ ഖജനാവിൽ പണം ഒടുക്കേണ്ടിയിരിക്കുന്ന വല്ല കുത്തകക്കാരനൊ മറ്റുവല്ല ആളോ പണം ഒടുക്കുന്നവകക്ക റേഞ്ച് ആഫീസരൊ ആ ആഫീസർ ഇല്ലെങ്കിൽ ഡിപ്പാർട്ടുമെണ്ടിലെ മറ്റുവല്ല മേലത്തരം ഉദ്യോഗസ്ഥനൊ പണം ഖജനാവിൽ വാങ്ങുന്നതിനു ൭ ദിവസങ്ങൾക്ക അധികം അല്ലാതെ മുമ്പിൽ ആയി കൊടു ക്കുന്ന ഒരു ചെല്ലാനും പണവും ട്രെഷറി ആഫീസരുടെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു.

൩൦. ഒരു കുത്തകയോ ലൈസൻസോ അനുസരിച്ചു ഒടുക്കേണ്ടതായ തുടർച്ചയായ വല്ല രണ്ടു തവണകളും കുടിശ്ശിക വീഴുന്നതായാൽ എക്സൈസ് കമ്മിഷണർ ദിവാന്റെ അനുവാദത്തോടുകൂടി ലൈസൻസിനെ തൽക്കാലത്തേക്കു നിറുത്തിവെക്കയോ ആ കുത്തകക്കാരന്റെയൊ ലൈസൻസുകാരന്റെയൊ യോഗ്യഭാഗ്യത്തിന്മേൽ ആ സ്വാതന്ത്ര്യത്തെ വില്ക്കുന്നതിനു ആജ്ഞാപിക്കയോ ചെയ്യുന്നതാകുന്നു.

൩൧. വീണ്ടും വില്ക്കുന്നതിനു ആജ്ഞാപിക്കുമ്പോൾ പുതിയ കുത്തകയോ ലൈസൻസോ നടപ്പിൽ വരുന്നതുവരെ ആ കുത്തകയിലേയൊ ലൈസൻസിലേയൊ കാര്യാദികളെ പരിപാലിക്കേണ്ട് ജീവനക്കാരെക്കൊണ്ടു നടത്തിക്കേണ്ടതാകുന്നു. അങ്ങനെയുള്ള പുനർവിക്രയത്തിന്റെയൊ മറ്റു വിധത്തിൽ ചെയ്ത ഏർപ്പാടിന്റെയൊ വിവരം കുത്തകക്കാരനേയൊ ലൈസൻസുകാരനേയൊ തെരിയപ്പെടുത്തേണ്ടതാകുന്നു.

൩൨. ഒരു കുത്തകക്കാരനൊ ലൈസൻസുകാരനൊ ഗവർമ്മെണ്ടിലേക്കു ഒടുക്കുവാനുള്ള എല്ലാ കുടിശ്ശികകൾക്കും ആണ്ടു ഒന്നുക്കു ൧൦൦-നു ൧൨ വീതം പലിശ ചുമത്തുന്നതാകുന്നു.

൩൩. കുത്തകക്കാരനൊ ലൈസൻസുകാരനൊ കുത്തകത്തുകയെ ഇളച്ചുകൊടുക്കയൊ കുറച്ചുകൊടുക്കയൊ ചെയ്യണം എന്നു യാതൊരുവിധം കാരണത്താലും അവകാശപ്പെടുവാൻ പാടില്ല.

ലൈസൻസുകാർ.

൩൪. ലൈസൻസുകാരൻ വല്ല അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ അയാളുടെ ലൈസൻസിലെ സ്ഥലത്തിനുള്ളിൽ അല്ലാതെ വില്ക്കുകയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്യരുതു.

൩൫. അഫീൻ കഞ്ചാവ് അല്ലെങ്കിൽ മററു വല്ല സാധനം ഇവയെ വില്ക്കുന്നതു ഒരു കെട്ടിടം മുഴുവനാകയൊ അതിന്റെ ഭാഗമൊ ഈ കാര്യത്തിലേക്കായി പ്രത്യേകം തിരിച്ചുവച്ചിരിക്കുന്ന ഉചിതമായ ഒരു കെട്ടിടത്തിൽ വച്ചു മാത്രമെ ആകാവു.

൩൬. തന്റെ ലൈസൻസ് സംബന്ധിക്കുന്നതല്ലാതെ യാതൊരു ലൈസൻസ് ഉള്ള സ്ഥലത്തും അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ വില്ക്കുകയൊ കൈവശം വച്ചുകൊണ്ടിരിക്കയൊ ചെയ്തുകൂടാ.

൩൭. ഓരോ കടയുടെയും മുൻവശത്തായി ലൈസൻസ് നമ്പരും ലൈസൻസുകാരന്റെ പേരും ഏതു സാധനങ്ങൾ വില്ക്കുന്നതിനു ലൈസൻസ് കിട്ടിയിട്ടുണ്ടൊ ആ സാധനങ്ങളുടെ പേരും അവയെ വില്ക്കുന്ന വിലയും എഴുതി ഒരു അടയാളപ്പലക പതിച്ചിരിക്കേണ്ടതാകുന്നു. ഈ വിവരങ്ങൾ മലയാളം അക്ഷരത്തിൽ പ്രകടമായി വായിക്കത്തക്കവണ്ണം എഴുതിയിരിക്കണം; എന്നാൽ തോവാള, അഗസ്തീശ്വരം, ചെങ്കോട്ട ഈ താലൂക്കുകളിൽ തമിഴ് അക്ഷരത്തിലും ഭാഷയിലും ആയിരിക്കേണ്ടതാകുന്നു.

൩൮. വില്പാനായി വച്ചിരിക്കുന്ന അഫീനും കഞ്ചാവും മറ്റു ലഹരി സാധനവും നല്ല തരത്തിൽ ആയുള്ളതും കലച്ചു ചേരാത്തതും ആയിരിക്കണം. അതിന്റെ ലഹരി ശക്തിയെ വർദ്ധിപ്പിക്കുന്നതിലേക്കൊ മറ്റുവല്ല കാര്യത്തിലേക്കൊ ആയി ഈ സാധനത്തോടു യാതൊന്നിനേയും കലർത്തിക്കൂടാ.

൩൯. ഭക്ഷിക്കുന്നതിനൊ ഉപയോഗിക്കുന്നതിനൊ കൊള്ളരുതാത്തതായൊ കലച്ചു ചേർന്നിട്ടുള്ളതായി സംശയിക്കപ്പെട്ടതായൊ ഉള്ള യാതൊരു അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ കൈവശപ്പെടുത്തുന്നതിനു പീടികകളെ പരിശോധിക്കാൻ അധികൃതനായ ഓരോ ഉദ്യോഗസ്ഥനും അധികാരം ഉള്ളതാകുന്നു.

൪൦. കുഷ്ഠരോഗമൊ മറ്റു സാംക്രമികരോഗമൊ പിടിപെട്ടിട്ടുള്ള യാതൊരു ആളിനേയും ഒരു പീടികയിലൊ പരിസരങ്ങളിലൊ ഇവയെ വില്ക്കുന്നതിലൊ കടത്തിക്കൊണ്ടുപോകുന്നതിലൊ ഈ സാധനത്തെ സംബന്ധിച്ചു മറ്റു ജോലിയിലൊ ഏർപ്പെടുത്തിക്കൂടാ.

൪൧. എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടേയൊ പക്കൽ നിന്നു ലഭിച്ചിട്ടുള്ള വിശേഷാൽ അധികാരം ഇല്ലാതെ യാതൊരു പീടികയും സൂര്യോദയത്തിനു മുമ്പെ തുറക്കുകയൊ രാത്രി ൯ മണി അടിച്ചതിനു ശേഷം തുറന്നു വച്ചിരിക്കുകയൊ ചെയ്തുകൂടാ.

൪൨. പീടികകളിൽ ശല്യപ്പെടുത്തലൊ ലഹളയൊ ചൂതാട്ടമൊ ഉണ്ടാകരുതു. ഉന്മത്തരായവർ എന്നു സംശയിക്കപ്പെടുന്ന യാതൊരു ആളിനേയും പീടികയിൽ വരുന്നതിനൊ പീടികകളിൽ താമസിക്കുന്നതിനൊ അനുവദിച്ചുകൂടാ. വല്ല കുററവും നടന്നിരിക്കയൊ പതിവായി കുററം

[illegible] ലൈസൻസുകാരൻ [illegible] പോലീസ് [illegible] യാതൊരു [illegible] പിടികയിലും [illegible] അനുവദിക്കയോ ചെയ്യുകൂടാ.

[illegible]. ലൈസൻസിൽ പറഞ്ഞിരിക്കുന്ന പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തിൽ നിന്നു [illegible] വല്ല പിടികയേയും മാറുന്നതിനു അനുവദിക്കയോ ആജ്ഞാപിക്കയോ ചെയ്യുന്നതിനും, ജനസമുദായത്തിന്റെ സമാധാനത്തിനോ സദാചാരത്തിന്റെ ഗുണത്തിനോ ആയി അങ്ങിനെയുള്ള യുക്തം [illegible] കാരണത്തിന്മേൽ അങ്ങിനെ വല്ല പിടികയേയും അടച്ചുകളയണമെന്ന് ലൈസൻസിന്റെ മുമ്പിൽകൂട്ടിയുള്ള അനുവാദത്തോടുകൂടി ആജ്ഞാപിക്കുന്നതിനും എക്സൈസ് കമ്മിഷണർക്കും അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർക്കും അധികാരമുള്ളതാകുന്നു.

[illegible]. (എ) [illegible] അഫീസരുടെയോ [illegible] അയാളാൽ ക്രമപ്രകാരം അധികൃതനായ വല്ല ആളുടേയോ രേഖാമൂലം ആയ അനുവാദം കൂടാതെ,

(1) വല്ല യൂറോപ്യൻ [illegible] കമ്മിഷണേഡ് ആഫീസർ പ്രൈവറ്റ് അല്ലെങ്കിൽ [illegible] ഇവർക്കും,

(2) വല്ല യൂറോപ്യനോ യൂറേഷ്യനോ ആയ [illegible] ചാരനും,

(3) മേൽപ്പറഞ്ഞ ആളുകളിൽ വല്ലവരുടേയും കുടുംബങ്ങളിലെ അംഗമായ ഏവനും,

(ബി) താഴെ എഴുതിയിരിക്കുന്ന ആളുകൾ പ്രവൃത്തിയിൽ ഇരിക്കുമ്പോൾ,

(1) യൂറോപ്യനോ യൂറേഷ്യനോ ആയ വല്ല സെയിലർക്കും,

(2) യാതൊരു ശിപായിക്കും പോലീസ് സൈന്യത്തിൽ ചേർന്ന ആൾക്കും,

(3) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ യാതൊരു ജീവനക്കാരനും,

(4) റെയിൽവെ കമ്പനിയിലെ യാതൊരു ജീവനക്കാരനും,

(സി) യാതൊരു അവസ്ഥകളിലും,

(1) പോലീസിന്റെ [illegible] പോകുന്ന വല്ല യൂറോപ്യനോ യൂറേഷ്യനോ ആയ [illegible],

(2) [illegible] വയസ്സിനു താഴെ ഉള്ള വല്ല കുട്ടിക്കും,

(3) ഭ്രാന്തനായ വല്ലവനും,

അഫീനോ കഞ്ചാവൊ മറ്റു ലഹരി സാധനമൊ വില്ക്കുകയൊ കൊടുക്കുകയൊ ചെയ്യു കൂടാത്തതാകുന്നു.

[illegible] യൂറോപ്യൻ ശിപായിമാരൊ നാട്ടുകാരായ ശിപായിമാരൊ ചേർന്നിട്ടുള്ള ഒരു പട്ടാളമൊ അല്ലെങ്കിൽ [illegible] ഒരു അംശമൊ സമീപസ്ഥലങ്ങളിൽകൂടി പോകയൊ കൂടാരം അടിച്ചിരിക്കയൊ ചെയ്തിരിക്കുമ്പോൾ ആ വഴിയിലൊ വഴി അരികേയൊ ഉള്ള കടകളെ എക്സൈസ് കമ്മിഷണരുടെ യുക്തംപോലെ അടപ്പിക്കാവുന്നതാകുന്നു.

[illegible]. ലൈസൻസ് കൂടാതെ കൈവശം [illegible] എന്നു ഗവണ്മെന്റ് വിധിച്ചിട്ടുള്ള [illegible] ആയ ഒരു തോലായുടെ ക്ലിപ്തലായി അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ സാധുവായ പെർമിട് കൂടാതെ ലൈസൻസ് [illegible] യാതൊരു സ്ഥലത്തിൽ നിന്നും ഒരെ [illegible] അനുവദിക്കപ്പെടുന്നതല്ല.

[illegible]. യാതൊരു പിടികയേ എങ്കിലും [illegible] അടയ്ക്കുന്നതിനു എക്സൈസ് കമ്മിഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരോ അധികാരപ്പെടുത്തുകയൊ ആജ്ഞാപിക്കയൊ ചെയ്തിരുന്നാൽ അല്ലാതെ ഓരോ പിടികയും [illegible] ചട്ടങ്ങൾ [illegible] വകപ്പിൽ [illegible] സ്ഥലത്തെ ആവശ്യങ്ങൾക്കു മതിയാകും എന്നു എക്സൈസ് കമ്മിഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ വിചാരിക്കുന്നെടത്തോളം [illegible] അഫീനൊ കഞ്ചാവൊ മറ്റു ലഹരി സാധനമൊ ഓരോ പിടികയിലും [illegible] എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ നിശ്ചയിക്കുന്ന തീയതികളും [illegible] യാതൊരു പിടികയിലും ലൈസൻസ് [illegible] വില്ക്കുന്നതിനു ഇടവരുന്നതാകുന്നു.

൨൯. ഔഷധം പണത്തിനായിട്ടല്ലാതെ പീടികകളിൽ അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ വില്ക്കൂടാത്തതാകുന്നു.

൩൦. ഓരോ ലൈസൻസ്കാരനും അന്നന്നാടന്നു നടക്കുന്ന കൊടുക്കൽ വാങ്ങലുകളുടെ സത്യമായ വിവരണം നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ മഷികൊണ്ടു ദിവസേന എഴുതി തന്റെ പീടികയിൽ വെച്ചിരിക്കേണ്ടതാകുന്നു. വാങ്ങിക്കുന്ന പെർമ്മിട്ടുകളേയും കൊടുക്കുന്ന പെർമ്മിട്ടുകളുടെ ഇരട്ടിപ്പിനേയും സൂക്ഷ്മമായി ഫൈൽ ചെയ്തു വെച്ചുകൊള്ളേണ്ടതാകുന്നു. പിൻകാലത്തിൽ കൊടുക്കുന്നതിലേക്കായി വേണ്ട വിവരങ്ങൾ എഴുതാതെ ഉള്ള ബ്ലാങ്ക് പെർമ്മിട്ടുകളിൽ ഒപ്പിട്ടു വെച്ചേക്കരുതു. കണക്കുകളും പെർമ്മിട്ടുകളും അച്ചടിച്ച പുസ്തകങ്ങളിൽ ആയിരിക്കണം. ഈ പുസ്തകങ്ങൾ വിലകൊടുത്തു എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ നിന്നു വാങ്ങിക്കാവുന്നതാകുന്നു. അവയെ എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടേയൊ ആ വിധം പീടികകളെ പരിശോധിക്കുന്നതിനായി അധികൃതനായ വല്ല ഉദ്യോഗസ്ഥന്റെയൊ പരിശോധനത്തിനായി ഹാജരാക്കേണ്ടതാകുന്നു.

൩൧. എക്സൈസ് കമ്മിഷണർ അതാതു കാലം ആവശ്യപ്പെടാവുന്ന തവണക്കണക്കുകളും മററു വിവരങ്ങളും ഓരോ ലൈസൻസ്കാരനും അയക്കേണ്ടതാകുന്നു.

൩൨. ഇരുപതു രൂപാക്കു കുറയാതെ ശമ്പളം വാങ്ങിക്കുന്ന പൊലീസാഫീസരുടെ സ്ഥാനവലിപ്പം ഉള്ളവരൊ കൂടുതൽ സ്ഥാനവലിപ്പം ഉള്ളവരൊ എല്ലാ എക്സൈസ് ഉദ്യോഗസ്ഥന്മാക്കും ലൈസൻസ് ഉള്ള പീടികകളെ പരിശോധിക്കുന്നതിനും പീടികകളുടെ സമീപസ്ഥലങ്ങളെ പരിശോധിക്കുന്നതിനും ഉപയോഗിച്ചുവരുന്ന തൂക്കങ്ങളേയും വില്ക്കുന്ന സാധനത്തേയും ശോധിക്കുന്നതിനും പീടികയിൽ വെച്ചിരിക്കുന്ന കണക്കുകളെ വരുത്തുകയും ശരി തന്നെയൊ എന്നു നോക്കുകയും ചെയ്യുന്നതിനും അധികാരം ഉള്ളതാകുന്നു.

൩൩. അഫീനൊ കഞ്ചാവൊ മററു ലഹരി സാധനമൊ കടത്തിക്കൊണ്ടു പോകയൊ വില്ക്കുകയൊ ചെയ്യുന്നതിൽ ഓരോ ലൈസൻസുകാരനാലും നിയുക്തനായ വല്ല ആളും ഫലാൽ നിയമമൊ അഫീൻ നിയമമൊ ലംഘിച്ചു നടക്കുന്നതായ വല്ല സംഗതിയും തന്റെ അറിവിൽ പെടുന്നതായാൽ ആ എല്ലാ സംഗതികളേയും അവർ ഏർപ്പെട്ടിരിക്കുന്ന ഓരോ ഇടപാടുകളേയും എക്സൈസ് കമ്മിഷണരൊക്കൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരൊക്കൊ റിപ്പോർട്ടു ചെയ്യുന്നതിനും അങ്ങിനെയുള്ള ആളിനെ ജോലിയിൽ നിന്നു വിടുത്തണം എന്നു എക്സൈസ് കമ്മിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരൊ കൊടുക്കുന്ന യാതൊരു ഉത്തരവിനേയും അനുസരിക്കുന്നതിനും ഓരോ ലൈസൻസുകാരനും നിബദ്ധനായിരിക്കുന്നു.

൩൪. ലൈസൻസിലെ വ്യവസ്ഥകളെ ലൈസൻസുകാരനാകട്ടെ, അയാളാൽ നിയമിക്കപ്പെട്ട വല്ല ആളാകട്ടെ വല്ല വിധത്തിലും ലംഘിച്ചാൽ, ലൈസൻസുകാരനു ഒന്നിലൊ,

(എ) ൫൦ രൂപാ വരെ പിഴ ശിക്ഷ ലഭിക്കുന്നതിനു ഇടയാകും. അല്ലെങ്കിൽ

(ബി) ദിവാന്റെ അനുവാദത്തോടുകൂടി, മുൻപേറായി കെട്ടിവച്ചിട്ടുള്ള പണമൊ അയാൾ ഇളന്നുപോകേണ്ടതും, ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതും, ലൈസൻസിൻപ്രകാരം ഉള്ള അവകാശത്തെ ലൈസൻസുകാരന്റെ യോഗ്യഭാഗ്യത്തിന്മേൽ വീണ്ടും വില്ക്കയൊ മററു വിധത്തിൽ വിനിയോഗിക്കയൊ ചെയ്യുന്നതും ആകുന്നു.

(സി) അല്ലെങ്കിൽ, ലൈസൻസുകാരന്റെ യോഗ്യഭാഗ്യത്തിന്മേൽ ഗവമ്മെണ്ടിന്റെ ഭരണത്തിൽ പീടികയെ എടുത്തുകൊള്ളുന്നതാകുന്നു.

ഈ പ്രകാരം ലൈസൻസ് റദ്ദ് ചെയ്യപ്പെട്ടപ്പോൾ, ലൈസൻസിലെ ശിഷ്ടം കാലത്തേക്കു ബാക്കി ചെല്ലുവാനുള്ള കിസ്തു തുക ഉടൻ തന്നെ ചെലുത്തേണ്ടതായിവരും.

൩൫. ൧൪-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, തവണകളിൽ കുടിശികവകക്കായിട്ടൊ, ലൈസൻസ്കാരന്റെ മേൽ നിശ്ചയിക്കപ്പെട്ട പിഴ ശിക്ഷകൾക്കായിട്ടൊ അയാൾ ചെലുത്താനുള്ളതായിരിക്കാവുന്ന മററു ബാദ്ധ്യതകൾക്കായിട്ടൊ, മുൻകൂറായി അടച്ചിട്ടുള്ള പണത്തിലേയൊ ജാമ്യപ്പണത്തിലേയൊ വല്ല ഭാഗത്തെയും ദിവാന്റെ അനുവാദത്തോടുകൂടി, ഏതു സമയത്തും എക്സൈസ് കമ്മിഷണർ ഗവമ്മെണ്ടിലേക്കായി എടുത്തുകൊള്ളാവുന്നതാകുന്നു. ഇങ്ങനെ എടുത്തിട്ടുള്ളതായി അറിയിപ്പു കൊടുത്ത ദിവസം മുതൽ ഏഴു ദിവസത്തിനകം ആ സംഖ്യ കെട്ടിവെക്കുന്നതിൽ ലൈസൻസുകാരൻ വീഴ്ച വരുത്തിയാൽ, അയാൾ ലൈസൻസ് ഇളന്നുപോകുന്നതും, ഗവമ്മെണ്ടിലേക്കു ഉണ്ടാകാവുന്ന എല്ലാ നഷ്ടത്തിനും അയാൾ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

൧൫. ഈ ചട്ടങ്ങളെ അനുസരിച്ചു ഒരു പിഴ ശിക്ഷ നിശ്ചയിച്ചിരിക്കയൊ, മുൻപേറായി അടച്ച പണം ഇല്ലാതെ പോകയൊ, ലൈസൻസ് റദ്ദ ചെയ്യപ്പെടുകയൊ, ചെയ്തിരിക്കുമ്പോൾ, കലാൻ റെഗുലേഷന്നൊ അഫീൻ കഞ്ചാ റെഗുലേഷന്നൊ വിരുദ്ധം ആയി ചെയ്തിട്ടുള്ള വല്ല പ്രവൃത്തി കാരണത്തിന്നും ആയിട്ടാകട്ടെ, ഈ ചട്ടങ്ങളെ ലംഘിച്ചതിനാകട്ടെ, പ്രാസിക്യൂട്ട് ചെയ്യപ്പെടാൻ ഇടയാകുന്നതിൽ നിന്ന ലൈസൻസുകാരനേയൊ അയാളുടെ ഏജൻറിനേയൊ ഒഴിക്കുന്നതല്ല.

൧൬. കലാൻ റെഗുലേഷന്നൊ അഫീൻ കഞ്ചാ റെഗുലേഷന്നൊ, അതതു കാലത്തു നടപ്പുള്ളതും പിറവക മുതലെടുപ്പിനെ സംബന്ധിച്ചുള്ളതും ആയ മററു നിയമത്തിന്നൊ വിരുദ്ധമായി വല്ല കുററവും ചെയ്തതിലേക്ക ലൈസൻസുകാരൻെറമേൽ കുററസ്ഥാപനം ആയാൽ, അയാളുടെ ലൈസൻസ് റദ്ദ ചെയ്യപ്പെട്ടിട്ടുള്ളതായി ദിവാൻ ആജ്ഞാപിക്കാവുന്നതാകുന്നു. ശിക്ഷാനിയമപ്രകാരം ലൈസൻസുകാരൻെറമേൽ കുററസ്ഥാപനം ആയിരിക്കയും, കുററസ്ഥാപനം ആയ കുററം ലൈസൻസുകാരനെ ലൈസൻസ് വച്ചുകൊള്ളുന്നതിലേക്ക അപാത്രം ആക്കുന്നതാണെന്ന ദിവാന്ന അഭിപ്രായം ആയിരിക്കയും ചെയ്താൽ ലൈസൻസുകാരൻ ലൈസൻസിനെ ഇല്ലാതെപോകുന്നതിന്ന ആ കുററസ്ഥാപനം ഇടയാക്കുന്നതാണ്. ഈ വകുപ്പിൻപ്രകാരം ഒരു ലൈസൻസ് ഇല്ലാതെപോകുമ്പോൾ, ലൈസൻസുകാരൻെറ യോഗ്യഭാഗ്യത്തിന്മേൽ പീടികയെ വീണ്ടും വിൽക്കയൊ മററു വിധത്തിൽ വിനിയോഗിക്കയൊ ചെയ്യുന്നതാകുന്നു.

൧൭. ലൈസൻസുകാരനും, എക്സൈസ് ഡിപാർട്മെണ്ടിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ പണമിടപെട്ട യാതൊരുവിധത്തിൽ ഉള്ള ഇടപാടും ചെയ്യപോകരുതെന്ന ഖണ്ഡിതം ആയി വിരോധിച്ചിരിക്കുന്നു.

൧൮. ദിവാൻെറ അനുവാദത്തോടുകൂടി ൧൫ ദിവസത്തെ മുന്നറിയിപ്പു കൊടുത്തതിന്മേൽ, എക്സൈസ് കമിഷണർ ലൈസൻസിനെ റദ്ദ ചെയ്യാവുന്നതാകുന്നു. അങ്ങനെ റദ്ദ ചെയ്യുന്നതായാൽ ലൈസൻസുകാരന് കൊടുത്തിരുന്ന നോട്ടീസിൽ അനുരൂപം ആയ ഒരു ഭാഗമൊ, അയാളിൽ നിന്ന വല്ല സംഖ്യയും കിട്ടാനുണ്ടായിരുന്നെങ്കിൽ ആ സംഖ്യയെ കുറച്ചിട്ട മുൻപേറായി അടച്ചിട്ടുള്ള പണത്തിൽ ബാക്കിയുള്ള തുകയൊ അയാൾക്കു തിരിയെ കൊടുക്കുന്നതാകുന്നു.

൧൯ എക്സൈസ് കമിഷണരൊ കമിഷണരാൽ അധികൃതനായ വല്ല ഉദ്യോഗസ്ഥനൊ ആവശ്യപ്പെടുമ്പോൾ, ഭേദപ്പെടുത്തുന്നതിന്നായാലും, പുതുക്കുന്നതിന്നായാലും, ഓരോ ലൈസൻസുകാരനും ലൈസൻസിനെ കൊടുക്കേണ്ടതാണ്.

൨൦. പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ ഒഴികെ അസിസ്റ്റണ്ട എക്സൈസ് കമിഷണരെക്കാൾ സ്ഥാനവലിപ്പം കുറഞ്ഞ എക്സൈസ് ഡിപാർട്ടമെൻറിലെ വല്ല ഉദ്യോഗസ്ഥനാലും, ഈ ചട്ടങ്ങളെ അനുസരിച്ചു നടപ്പാക്കപ്പെടുന്ന ഓരോ ഉത്തരവിന്മേലും, അസിസ്റ്റണ്ട എക്സൈസ് കമിഷണർക്കു അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. അസിസ്റ്റണ്ട എക്സൈസ് കമിഷണർ നടപ്പാക്കുന്ന ഓരോ ഉത്തരവിന്മേലും എക്സൈസ് കമിഷണർക്കു അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എക്സൈസ് കമിഷണർ നടപ്പാക്കുന്ന ഏതു ഉത്തരവിന്മേലും ദിവാന്ന ഹജൂരിൽ ബോധിപ്പിക്കാവുന്നതാകുന്നു.

വിശേഷാൽ വ്യവസ്ഥകൾ.

൨൧. പീടികകൾക്കു അയക്കുന്നതിന്നാകട്ടെ, താൻ തന്നെ വിൽക്കുന്നതിന്നാകട്ടെ, സർക്കാർ ആഫീസിൽ നിന്ന ശേർ ഒന്നിന്ന ൩൨ രൂപാ ൮ അണ വിലക്കു ഒരു തവണയിൽ ഒരു ശേറിൽ കുറയാതെ അഫീനും ശേർ ഒന്നിന്ന ൯ രൂപാ ൫ അണ വിലയ്ക്കു, ഒരു തവണയിൽ രണ്ടു ശേറിൽ കുറയാതെ കഞ്ചാവും വിലക്കു വാങ്ങിക്കൊള്ളുന്നതിന്നും, എക്സൈസ് കമിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരൊ ഇത്ര എന്ന നിശ്ചയിക്കുന്നതായ ഒരു തുകക്കു കുറയാതെ എപ്പോഴും കൈയിലിരിക്കത്തക്ക വിധത്തിൽ കരുതി വച്ചുകൊള്ളുന്നതിന്നും ലൈസൻസുകാരൻ ബാധ്യപ്പെട്ടിരിക്കുന്നതും, വേറെ വിധത്തിൽ ലഭിച്ച അഫീനൊ കഞ്ചാവൊ ലൈസൻസുകാരൻെറ സ്വന്തം കൈവശത്തിൽ ആകട്ടെ അയാളാൽ നിയമിക്കപ്പെട്ട ആളുകളുടേയൊ അയാളുടെ കീഴിൽ നിയമിക്കപ്പെട്ട ആളുടേയൊ കൈവശത്തിൽ ആകട്ടെ, ഉണ്ടായിരിക്കാൻ പാടില്ലാത്തതും ആകുന്നു. ഇതുകളുടെ വിലയിൽ ഗവൺമെണ്ട് അതതു കാലം പരസ്യപ്പെടുത്താവുന്ന വല്ല ഭേദഗതികളും അനുസരിച്ചു നടന്നുകൊള്ളുന്നതിന്ന ലൈസൻസുകാരൻ ബാധ്യപ്പെട്ടിരിക്കയും ചെയ്യും.

കുറിപ്പ്—ഒരു ശേർ എന്നതു ൮൦ തോലാ അല്ലെങ്കിൽ ൮൦ ബ്രിട്ടീഷ് രൂപാ തൂക്കത്തിന്ന തുല്യം ആകുന്നു.

൩൨. ഗവൎമ്മെണ്ട് സ്ഥാപനങ്ങളുടെ വകക്കായി അഫീനും കഞ്ചാവും സൎക്കിൾ ആഫീസുകളിൽ നിന്നൊ സെൻട്രൽ ഡെപ്പോവിൽ നിന്നൊ ഗവൎമ്മെണ്ട് വാങ്ങിക്കുന്നതിനു ആക്ഷേപം പറയാൻ ലൈസൻസുകാരനു അവകാശം ഉണ്ടായിരിക്കുന്നതല്ല.

൩൩. കടയിലൊ കടക്കു സമീപത്തൊ പുക വലിക്കയൊ അഫീൻ ആകട്ടെ, കഞ്ചാവാകട്ടെ കൊണ്ടുണ്ടാക്കിയ മററു സാധനങ്ങൾ ആകട്ടെ, ഭക്ഷിക്കയൊ ചെയ്യുന്നതിനു ലൈസൻസുകാരൻ യാതൊരുസമയത്തും അനുവദിക്കരുതു.

൩൪. അഫീനും കഞ്ചാവും സംബന്ധിച്ചു അതതു കാലത്തു ഗവൎമ്മെണ്ട് നടപ്പാക്കാവുന്ന ഏതു ചട്ടങ്ങളേയും ലൈസൻസുകാരൻ അനുവൎത്തിക്കേണ്ടതാകുന്നു.

൩൫. ലൈസൻസുകാരനു തനിക്കു ബോധിച്ച പീടികക്കാരെ വച്ചുകൊള്ളുന്നതിനു സ്വാതന്ത്ര്യം ഉണ്ടു. അയാളുടെ ലൈസൻസിലെ അതിൎത്തിക്കകത്തു എത്ര കടകൾ ആവശ്യം ഉള്ളതായി എക്സൈസ് കമിഷണരൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരൊ വിചാരിക്കുന്നുവൊ അത്രയും കടകൾ വച്ചുകൊള്ളുന്നതിലേക്കു അനുവദിക്കുന്നതാകുന്നു; എന്നാൽ കടകൾ വച്ചിരിക്കുന്നതിലേക്കുള്ള സ്ഥലങ്ങൾ എക്സൈസ് കമിഷണരാലൊ അസിസ്റ്റണ്ട് എക്സൈസ് കമിഷണരാലൊ അനുമതിക്കപ്പെട്ടവയായിരിക്കണം.

എസ്. ഗോപാലാചാൎയ്യർ,
ദിവാൻ.

൧൧൨൩-ാമാണ്ടത്തേക്കും അബ്കാരി കള്ളും കഞ്ചാവും വിൽക്കുന്നതിനുള്ള അവകാശത്തെ ലേലം വിളിക്കുന്ന തീയതിയും സ്ഥലവും കാണിക്കുന്ന ലിസ്റ്റ്

നമ്പർ	ഷാപ്പുകളുടെ പേര്	൧൧൨൨-ൽ വിളിച്ച തുക	ലേലം വിളിക്കുന്ന സ്ഥലം	ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ	ലേലം തീയതി
൧	തോവാളയും	[illegible]	നാഗർകോവിൽ അസിസ്റ്റന്റ എക്സൈസ കമ്മീഷണർ ആഫീസ	തെക്കൻഡിവിഷൻ അസിസ്റ്റന്റ എക്സൈസകമ്മീഷണർ	൧൧൨൨ ആനി [illegible]
൨	അഗസ്തീശ്വരവും	[illegible]			
൩	ഇരണിയലും	[illegible]	കൽക്കുളം താലൂക്കകച്ചേരി	ടി	ടി [illegible]
൪	കൽക്കുളവും	[illegible]			
൫	വിളവങ്കോട	[illegible]	താലൂക്കകച്ചേരി		
൬	നെയ്യാറ്റിൻകര	[illegible]	ടി	ടി	ടി [illegible]
൭	തിരുവനന്തപുരം	[illegible]	എക്സൈസ സർക്കിൾ ആഫീസ	ടി	ടി [illegible]
൮	നെടുമങ്ങാട	[illegible]	താലൂക്കകച്ചേരി	ടി	ടി [illegible]
൯	ചിറയിൻകീഴ	[illegible]	ടി	ടി	ടി [illegible]
൧൦	കൊല്ലം	[illegible]	കൊല്ലം അസിസ്റ്റന്റ എക്സൈസകമ്മീഷണർ ആഫീസ	ടി	ടി [illegible]
൧൧	കൊട്ടാരക്കരയും	[illegible]	കൊട്ടാരക്കര താലൂക്കകച്ചേരി	സെൻട്രൽ ഡിവിഷൻ അസിസ്റ്റന്റ എക്സൈസകമ്മീഷണർ	ടി [illegible]
൧൨	പത്തനാപുരവും	[illegible]		ടി	ടി [illegible]
൧൩	ചെങ്കോട്ട	[illegible]	ചെങ്കോട്ട താലൂക്കകച്ചേരി		
൧൪	കുന്നത്തൂർ	[illegible]	കുന്നത്തൂർ ടി	ടി	ടി [illegible]
൧൫	കരുനാഗപ്പള്ളിയും	[illegible]	കായംകുളം മജിസ്ട്രേട്ടു കച്ചേരി	ടി	ടി [illegible]
൧൬	കാർത്തികപ്പള്ളിയും	[illegible]			
൧൭	മാവേലിക്കരയും	[illegible]		ടി	ടി [illegible]
൧൮	ചെങ്ങന്നൂരും	[illegible]	തിരുവല്ലാ താലൂക്കകച്ചേരി		
൧൯	തിരുവല്ലായും	[illegible]		ടി	ടി [illegible]
൨൦	അമ്പലപ്പുഴയും	[illegible]	ആലപ്പുഴ അസിസ്റ്റന്റ എക്സൈസകമ്മീഷണർ ആഫീസ		
൨൧	ചേർത്തലയും	[illegible]		ആലപ്പുഴ അസിസ്റ്റന്റ എക്സൈസകമ്മീഷണർ	ടി [illegible]
൨൨	പറവൂർ	[illegible]	താലൂക്കകച്ചേരി		
൨൩	കുന്നത്തുനാടും	[illegible]	ആലുവാ എക്സൈസ സർക്കിൾ ആഫീസ	വടക്കൻ ഡിവിഷൻ അസിസ്റ്റന്റ എക്സൈസ കമ്മീഷണർ	ടി [illegible]
൨൪	ആലങ്ങാടും	[illegible]		ടി	ടി [illegible]
൨൫	മൂവാറ്റുപുഴയും	[illegible]	മൂവാറ്റുപുഴ താലൂക്കകച്ചേരി		
൨൬	തൊടുപുഴയും	[illegible]		ടി	ടി [illegible]
൨൭	ഏറ്റുമാനൂരും	[illegible]	ഏറ്റുമാനൂർ ടി		
൨൮	മീനച്ചിലും	[illegible]		ടി	ടി [illegible]
൨൯	കോട്ടയം	[illegible]	കോട്ടയം താലൂക്കകച്ചേരി		
൩൦	ചങ്ങനാശേരി	[illegible]	ചങ്ങനാശേരി ടി	ടി	ടി [illegible]
൩൧	വൈക്കം	[illegible]	വൈക്കം താലൂക്കകച്ചേരി	ടി	ടി [illegible]
൩൨	പീരുമേട	[illegible]	ഏലമല അസിസ്റ്റന്റ സൂപ്രിന്റെണ്ടിന്റെ ആഫീസ	ഏലമല സൂപ്രിന്റെണ്ടന്റിന്റെയും അസിസ്റ്റന്റ	ടി [illegible]
൩൩	[illegible] ഒഴികെ ഹൈറേഞ്ച്	[illegible]	ദേവികുളം ഏലമല സൂപ്രിന്റെണ്ടന്റെ ആഫീസ്	ഏലമല ഡിസ്ട്രിക്ട മജിസ്ട്രേട്ടും സൂപ്രിന്റെണ്ടന്റും	ടി [illegible]

കലാൽ പരസ്യം.

വ്യക്ഷക്കരം ഏൎപ്പാടു അനുസരിച്ചു തിരുവനന്തപുരം പട്ടണത്തിൽ സ്വാതന്ത്ര്യങ്ങൾ ആയ കടകളിൽ കള്ളു വില്ക്കുന്നതിലേക്കുള്ള അവകാശത്തെ ലേലത്തിൽ വില്ക്കുന്നതു സംബന്ധിച്ചുള്ള പരസ്യം.

ഇതിനാൽ പരസ്യംചെയ്യുന്നതു എന്തെന്നാൽ ൧൦൮൩ ചിങ്ങം ൧൬ മുതൽ ൧൦൮൪ കൎക്കടകം ൩൧ വരെയുള്ള ൧൨ മാസങ്ങളിൽ തിരുവനന്തപുരം പട്ടണത്തിൽ കള്ളു വില്ക്കുന്നതിലേക്കുള്ള സ്വാതന്ത്ര്യങ്ങൾ ആയ കടകളുടെ എണ്ണത്തേയും ഓരോ കടക്കും വില്പാൻ അവകാശം ഉള്ള സ്ഥലാതിൎത്തി വിവരത്തേയും ഇതിനോടുകൂടി ചേൎത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിട്ടുള്ളപ്രകാരം നിശ്ചയിച്ചിരിക്കുന്ന ൭൦ കടകളും ഓരോന്നിലും കള്ളു വില്ക്കുന്നതിലേക്കുള്ള അവകാശത്തെ ൧൦൮൨ മിഥുനം ൧൨-ക്കു ൧൯൦൭ ജൂൺ ൨൬-ാം ബുധനാഴ്ച പകൽ ൧൧ മണിക്കു ദിവാൻ തിരുവനന്തപുരം ഹജൂർക്കച്ചേരിയിൽ വച്ചു ലേലത്തിൽ വില്ക്കുന്നതാകുന്നു.

വില്പന മുതലായവയ്ക്കുള്ള പൊതു വ്യവസ്ഥകൾ.

൧. ഈ സ്വാതന്ത്ര്യത്തിനുള്ള ലേല വില്പനയിൽ വിളികേൾക്കുന്നതിനു ഉദ്ദേശിക്കുന്ന ആളുകൾ ഇതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളേയും ചട്ടങ്ങളേയും ശാസനങ്ങളേയും അനുസരിച്ചു നടക്കുന്നതിനു സന്നദ്ധന്മാരായിരിക്കേണ്ടതാകുന്നു.

൨. ലേലം വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ ആളും താൻ വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ കടയിലേക്കും ൧൦ രൂപാ വീതം നിരതദ്രവ്യം ലേലത്തിനു ൩ പൂൎണ്ണദിവസങ്ങൾക്ക കുറയാതെ മുമ്പായി ഏതെങ്കിലും അടുത്ത താലൂക്ക ഖജനാവിൽ ഒടുക്കി അതിലേക്കുള്ള രസീതു ലേലവില്പന സമയത്തു ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. മേൽപറഞ്ഞ കാലത്തിനു മുമ്പായിട്ടു നിരതദ്രവ്യത്തെ ഒടുക്കിയില്ലെന്നുവരികിൽ പിന്നീടു ഒടുക്കുന്ന നിരതദ്രവ്യത്തെ വാങ്ങിക്കുകയൊ സമ്മതിക്കുകയൊ ചെയ്യുന്നതല്ലെന്നു വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

൩. ലേലം വിളികേൾക്കാൻ ഉദ്ദേശിക്കുന്ന ഓരോരുത്തനും മേൽ പറഞ്ഞതായ നിരതദ്രവ്യം വകക്കുള്ള രസീതിനു പുറമെ താഴെ എഴുതിയിരിക്കുന്ന ൨ സൎട്ടിഫിക്കെറ്റുകൾകൂടി ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. (൧) തലേ ആണ്ടിൽ പീടിക മുതലായവകക്കുള്ള കുത്തകത്തുകയുടെ ഇരട്ടി തുകക്കു കുറയാതെ വിലപിടിക്കുന്ന സ്ഥാവരവസ്തുക്കൾക്ക താൻ ഉടമസ്ഥൻ ആണെന്നും അവയെ താനു അനുഭവിച്ചു വരുന്ന എന്നും അവയെ വിനിയോഗിക്കുന്നതിനുള്ള അധികാരം തനിക്കു ഉണ്ടെന്നും ഉള്ള വിവരത്തിനു അയാൾ ഏതു താലൂക്കിൽ പാൎക്കുകയൊ ഈ വസ്തു അനുഭവിക്കയൊ ചെയ്യുന്നുവോ ആ താലൂക്കിലെ തഹശീൽദാരുടെ സൎട്ടിഫിക്കെറ്റും (൨) ആ വസ്തു യാതൊരു കടം ബാദ്ധ്യതക്കും ഉൾപ്പെട്ടിട്ടുള്ളതല്ലാ എന്നുള്ള വിവരത്തിനു ഏതു രെജിസ്ട്രേഷൻ ആഫീസരുടെ അധികാര സ്ഥലത്തിനു അകത്തു വസ്തു കിടക്കുന്നുവോ ആ ആഫീസർ കൊടുക്കുന്ന സൎട്ടിഫിക്കെറ്റും.

൪. ലേലം വിളികേൾക്കാൻ നിശ്ചയിക്കുന്ന ഓരോ ആളും അയാൾ തനിക്കുവേണ്ടിയൊ തന്റെ കുടുംബത്തിലേക്കോ തന്റെ (മെറ്റം) വൎത്തക സംഘത്തിലേക്കോവേണ്ടിയോ ലേലം വിളികേൾക്കുന്നു എന്നുള്ള വിവരത്തിനു രേഖാമൂലമായ ഒരു പ്രതിജ്ഞാപത്രം ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാക്കേണ്ടതാകുന്നു. അയാളുടെ കുടുംബത്തിലേക്കോ വൎത്തക സംഘത്തിലേക്കോവേണ്ടി വിളികേൾക്കുകയാണെങ്കിൽ ആ കുടുംബത്തിലെയോ വൎത്തകസംഘത്തിലെയോ ആണുങ്ങൾ ആയും പെണ്ണുങ്ങൾ ആയും ഉള്ള പ്രായംചെന്ന മറ്റു അംഗങ്ങളുടേയും ഇതിലേക്കുള്ള രേഖാമൂലം ആയ സമ്മതം ഒരു തഹശീൽദാരേയൊ മാജിസ്ട്രേട്ടിനെയോ എക്സൈസ് ഇൻസ്പെക്ടരേയൊ പാൎവത്യകാരനെയൊകൊണ്ടു സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതും ആകുന്നു.

൫. ഒരാൾ മറ്റു ഒരാൾക്ക വേണ്ടി ഏജൻടായി ലേലം വിളികേൾക്കുമ്പോൾ ക്രമപ്രകാരം അധികൃതമായ മുക്ത്യാർനാമാ അയാൾ ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കിയാൽ അല്ലാതെ അയാളെ അനുവദിക്കുന്നതല്ലാ.

൬. ലേല വില്പന നടത്തുന്നതിനെക്കുറിച്ചു നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയത്തും സ്ഥലത്തും വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പനക്കുള്ള പരസ്യത്തെ വായിപ്പിക്കേണ്ടതും ഈ ചട്ടങ്ങൾ അനുസരിച്ചു ആവശ്യമുള്ള വ്യവസ്ഥകൾ എല്ലാം പൂർത്തിയായി സാധിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു താൻതന്നെയോ ഇതിലേക്കായി നിയുക്തനായ ഒരു ഉദ്യോഗസ്ഥൻ മുഖേനയോ ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതും ആകുന്നു.

൭. ലേലത്തിൽ വിളിക്കുവാൻ നിശ്ചയിക്കുന്ന ഏവനേയും താഴെ വിവരിക്കുന്ന കാരണങ്ങളിന്മേൽ അങ്ങിനെ വിളികേൾക്കുന്നതിൽ ഉൾപ്പെടുത്താതിരിക്കുന്നതിനു ലേല വില്പന നടത്തുന്ന ഉദ്യോഗസ്ഥനു അധികാരം ഉണ്ടു —

(൧) തിരുവിതാംകോട്ടു ശിക്ഷാനിയമം അനുസരിച്ചുള്ളതും സദാചാരദുഷ്ടത അടങ്ങിയതും ആയ ഒരു കുറ്റത്തിനൊ കുറ്റങ്ങൾക്കോ ആയി ഒരു ക്രിമിനൽ കോട്ടിനാൽ കുറ്റസ്ഥാപനം ആക്കപ്പെട്ടിരിക്കുന്ന ആൾ ആണെന്നൊ,

(൨) ഉപ്പു, പുകയില, കള്ളു, അഫീൻ, കഞ്ചാവ്, ചവുക്കാത്തീരുവ മുതലായ പിരിവുകളുടെ മുതലെടുപ്പിനെ സംബന്ധിച്ചുള്ള നിയമങ്ങൾ അനുസരിച്ചു ഉള്ള യാതൊരു ഗൌരവപ്പെട്ട കുറ്റവും ആയാളുടെമേൽ കുറ്റസ്ഥാപനമായിട്ടുണ്ടെന്നൊ,

(൩) കള്ളു വകയിലൊ അഫീൻ വകയിലൊ ഉള്ള മുതലെടുപ്പിനെ സംബന്ധിച്ചു ഗവർമ്മെണ്ടിലേക്കു അയാൾ പതിവായി കുടിശ്ശിക വരുത്തുന്നുണ്ടെന്നൊ,

(൪) അയാൾ മുമ്പുള്ള ഒരു കുത്തകക്കാലത്തു വീഴ്ചക്കാരനായി തീർന്നിട്ടുണ്ടെന്നൊ ഇപ്പോൾ അധികമായ കുടിശ്ശിക തീർക്കാൻ ഉണ്ടെന്നൊ,

(൫) മുൻ ഒരു കുത്തക കാലത്തു കുത്തകക്കാരനായൊ അയാളുടെ ഏജൻറായോ ലൈസൻസിലെ പ്രവസ്ഥകളെ ലംഘിച്ചിട്ടുണ്ടായിരുന്നു എന്നൊ,

(൬) അയാൾ ഗവർമ്മെണ്ടിന്റെ താഴെ സ്വോദ്യോഗമായി ജീവനത്തിൽ ഇരിക്കുന്ന സർക്കാർ ജീവനക്കാരനാകുന്നു എന്നൊ,

(൭) അല്ലെങ്കിൽ അയാൾ നല്ല പേരുള്ള ആൾ അല്ലെന്നൊ.

൮. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ അതിനുള്ള ഓരോ ഇനത്തേയും വില്പന പരസ്യത്തിൽ അവയെ എഴുതി ഇരിക്കുന്ന ക്രമത്തിനു പ്രത്യേകം പ്രത്യേകം ആയി ലേലം ചെയ്യേണ്ടതാകുന്നു. എന്നാൽ ഇതിനു വിപരീതമായി ലേലം ചെയ്യുന്നതിനു വല്ല കാരണവും ഉണ്ടായിരുന്നാൽ അങ്ങിനെയും ചെയ്യാം.

൯. ലേലവില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പന പരസ്യത്തിൽ താഴെ കാണേണ്ടതായ കുത്തക തുകയായി വിവരിച്ചിരിക്കുന്ന തുകയെ ആദ്യത്തെ വിലയായി നിയമേന വിളിച്ചു തുടങ്ങേണ്ടതാകുന്നു.

൧൦. മതിയായ ഇടമത്സരമൊ ശരിയായൊ ഉള്ള മത്സരവും ലേലം വിളികേൾക്കുന്നതിൽ ഉണ്ടായിട്ടില്ലെന്നു ലേലം നടത്തുന്ന ഉദ്യോഗസ്ഥനു ബോദ്ധ്യം വന്നാൽ ആ ലേലത്തെ പൂർത്തിയാക്കാതെ പിറെറ ദിവസം ഒരു കല്പിച്ചമായ സമയത്തു ആ ലേലം നടത്തുന്നതാണെന്നുള്ള വിവരം പരസ്യമായി തെരിയപ്പെടുത്തി അങ്ങിനെ മാററി വെക്കുന്നതിനു ആ ഉദ്യോഗസ്ഥനു അധികാരമുണ്ട്.

൧൧. ദിവാൻജി അല്ലാത്ത ഒരു ഉദ്യോഗസ്ഥൻ നടത്തുന്ന യാതൊരു ലേല വില്പനയും ദിവാൻജി സ്ഥിരപ്പെടുത്തിയാൽ അല്ലാതെ തീർച്ചയാകുന്നതല്ല.

൧൨. ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ഏതു ഏതു ഇനങ്ങൾക്കു ലേലം നടത്തി എന്നും ലേലത്തിൽ വിളി കേട്ടവരുടെ പേരുകളും, അവർ വിളികേട്ട ഓരോ ഇനത്തിലേക്കുള്ള തുകയും ലേലം കൊള്ളുവനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ആളുടെ പേരും കാണിച്ചു ഒരു പൂർണ്ണമായ വില്പന ലിസ്റ്റ് ലേല അവസാനത്തിൽ തയ്യാറാക്കേണ്ടതാകുന്നു. ഈ ലിസ്റ്റിനെ ലേലം നടത്തുന്ന ഉദ്യോഗസ്ഥനും ലേലത്തിനു കൊണ്ട ആളും ലേല സ്ഥലത്തുവെച്ചു തന്നെ നിയമേന ഒപ്പിട്ടു തീയതി വെക്കേണ്ടതാകുന്നു.

൧൩. ലേല സ്ഥലത്തും ലേല സമയത്തും വല്ല തക്കവും ഉണ്ടായാൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീർച്ച അവസാന തീർച്ചയായി ഇരിക്കുന്നതാകുന്നു. വല്ല കാരണത്തിന്മേലും വിളികേട്ടതായ ഏറ്റവും കൂടിയ തുകയെ ഉപേക്ഷിക്കേണ്ടി വരുമ്പോൾ ആവശ്യം എന്നു കാണുംപോലെ അതിനു അടുത്ത കൂടുതൽ തുകയെ സ്വീകരിക്കയൊ ലേലത്തെ പിന്നെയും നടത്തുകയൊ ചെയ്യാവുന്നതാകുന്നു.

൧൪. ലേലം കൊണ്ടവനായി നിശ്ചയിക്കപ്പെടുന്ന ആൾ ഉടൻ തന്നെയൊ ആ ദിവസം അവസാനിക്കുന്നതിനു മുമ്പിലോ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തിനു പുറമേ ഒരു മാസത്തെ കിസ്തിനുള്ള തുക ഉടൻ കെട്ടിവെക്കേണ്ടതാകുന്നു. ഇങ്ങിനെ കെട്ടിവെക്കുന്നതു പണമായിട്ടോ ഇൻഡ്യാ ഗവൎമ്മെണ്ടിലെ പ്രാമിസറി നോട്ടുകളായിട്ടോ സേവിങ്ങ്സ് ബാങ്കിൽ അടച്ചിട്ടുള്ള പണത്തെ (നിക്ഷേപദ്രവ്യത്തെ) ദിവാന്റെ പേൎക്കു ക്രമപ്രകാരം എൻഡാൎസ് ചെയ്തിട്ടോ ആകാവുന്നതാകുന്നു. അയാൾ അങ്ങിനെ ചെയ്തില്ലെങ്കിൽ മുൻ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യത്തെ ഗവൎമ്മെണ്ടിലേക്കായി പിടിച്ചു അടക്കുകയും ആ ഇനത്തെ ഉടൻ തന്നെയൊ മേലാൽ പരസ്യപ്പെടുത്തുന്ന ഭാവിയായ ഒരു ദിവസത്തിലൊ ലേലത്തിൽ വില്ക്കുകയും ചെയ്യുന്നതാകുന്നു. ഇങ്ങിനെ വീഴ്ച വരുത്തിയവനെ ഇതിലേക്കു തന്നെയോ ആ ആണ്ടിൽ മറ്റുവല്ല ഇനത്തിലേക്കുമോ വിളി കേൾക്കുന്നതിനു അനുവദിക്കുന്നതല്ല.

൧൫. ഓരോ ഇനത്തിലേക്കും ഉള്ള ലേല വില്പനയെ സ്ഥിരപ്പെടുത്തീട്ടുള്ള വിവരം കഴിയുന്നിടത്തോളം വേഗത്തിൽ രേഖാമൂലമായി ലേലത്തിൽ കൊണ്ടവനെ തെരിയപ്പെടുത്തേണ്ടതാകുന്നു.

൧൬. ലേലത്തിൽ കൊണ്ടവൻ മുമ്പു കെട്ടിവെച്ചിട്ടുള്ള തുകകളോടു കൂട്ടിയാൽ മൂന്നു തവണക്കുള്ള കിസ്തിന്റെ തുകയായി വരുന്നതിനു വേണ്ട പണം ലേലം സ്ഥിരപ്പെടുത്തിയിരിക്കുന്ന വിവരം അയാളെ തെരിയപ്പെടുത്തിയ തീയതി മുതൽ പത്തു ദിവസത്തിനകം അയാൾ കെട്ടിവെക്കേണ്ടതും ഒടുവിൽ പറഞ്ഞ തുക കെട്ടിവച്ച തീയതി മുതൽ പത്തു ദിവസത്തിനകം ആവശ്യം ഉള്ള ഉടമ്പടി എഴുതികൊടുക്കുകയും ആവശ്യം ഉള്ള ലൈസെൻസ് വാങ്ങിക്കൊള്ളുകയും ചെയ്യേണ്ടതും ആകുന്നു. അങ്ങിനെ വേണ്ട കൂടുതൽ തുക കെട്ടിവെക്കയൊ ഉടമ്പടി എഴുതി കൊടുക്കയോ ചെയ്യാതിരുന്നാൽ ൧൪-ാം ചട്ടത്തിൽ പറയും വകുപ്പനുസരിച്ചു ഉള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു. ഉടമ്പടി എഴുതി കൊടുക്കുംമുമ്പെ ലേലത്തിൽ കൊണ്ടവൻ മരിക്കുന്നതായാൽ മരിച്ചവന്റെ അവകാശികളെക്കൊണ്ടു ഉടമ്പടി എഴുതി വാങ്ങിക്കേണ്ടാ എന്നു ദിവാൻ നിശ്ചയിക്കുന്നില്ലെങ്കിൽ അവരുടെ പക്കൽ നിന്നു തന്നെ ഉടമ്പടി എഴുതി വാങ്ങിക്കേണ്ടതാകുന്നു.

൧൭. ലേലത്തിൽ കൊണ്ടവന്റെ പക്കൽ നിന്നു ജാമ്യം വാങ്ങിക്കേണ്ടതു ആവശ്യം ആണെന്നു വല്ല ദശയിലും കാണുന്നതായാൽ അയാൾ ഒടുക്കേണ്ടതായ മൂന്നു തവണകൾക്കുള്ള കിസ്തുകളിൽ കവിയാത്ത ഒരു തുക ജാമ്യമായി ഒടുക്കേണ്ടതാണെന്നു ദിവാൻ അയാളോടു ആവശ്യപ്പെടാവുന്നതാകുന്നു, അപ്രകാരം ഉള്ള ജാമ്യം അനുവദിച്ചിട്ടുള്ള കാലത്തിനകം ഒടുക്കുന്നതിനു വീഴ്ച വരുത്തുന്നതു ൧൪-ാം ചട്ടത്തിൽ പറയും വകുപ്പനുസരിച്ചുള്ള വീഴ്ചക്കുള്ള ദോഷഫലങ്ങളെ വരുത്തുന്നതാകുന്നു.

൧൮. വീണ്ടും ലേലം ചെയ്യേണ്ടതായി വരുന്ന യാതൊരു സംഗതിയിലും ആദ്യത്തെ വില്പനക്കുള്ള മാതിരിയിലും കാലസംഖ്യക്കും പുതുതായി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൧൯. ലേലത്തിൽകൊണ്ട ഏതു ആളുടെ വീഴ്ച നിമിത്തം വീണ്ടും ലേലത്തിൽ വില്ക്കുന്നതിനു ഇടയായൊ ആ ഓരോ ആളും വീണ്ടും ലേലം ചെയ്യുന്നതിൽ പണത്തിൽ വല്ല കുറവും ഉണ്ടെങ്കിൽ അതു ഉൾപ്പെടെ വീണ്ടും ലേലം നിമിത്തമായി ഗവൎമ്മെണ്ടിനു ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായി ഇരിക്കേണ്ടതാകുന്നു. എന്നാൽ വീണ്ടും ലേലത്തിൽ വില്ക്കുന്നതിനാൽ ഉണ്ടാകുന്ന യാതൊരു ലാഭത്തിനും അയാൾക്കു അവകാശവും ഇല്ലാ.

൨൰. അങ്ങിനെയുള്ള ഉത്തരവാദിത്വത്തിലേക്കായി അയാൾ കെട്ടിവെച്ചിട്ടുള്ളതോ അയാൾക്കു ചെല്ലേണ്ടതായി ഗവൎമ്മെണ്ടിൽ നില്പുള്ളതോ ആയ ഏതു തുകയേയും ആദ്യമായി ഉപയോഗിക്കുന്നതാകുന്നു. എന്നിട്ടും വല്ല ബാക്കിയും അയാളുടെ പക്കൽ ഈടാക്കുവാൻ ഉണ്ടായിരുന്നാൽ അതിനെ കരക്കുടിശ്ശികപോലെ അയാളുടെ പക്കൽ നിന്നു ഈടാക്കുന്നതാകുന്നു.

൨൧. ൧൦-ാം ചട്ടത്തിൽ ൧൪-ാം വകുപ്പും ൧൬-ാം വകുപ്പും അനുസരിച്ചു ഒടുക്കീട്ടുള്ള ഡെപ്പോസിട്ടുകളെ സൎക്കാരിലേക്കു ഒതുക്കീട്ടില്ലെന്നു വരികിൽ ആ ഡെപ്പോസിട്ടുകളേയും ൧൭-ാം വകുപ്പു അനുസരിച്ചുള്ള ജാമ്യ തുകയേയും ലൈസൻസിലെ വ്യവസ്ഥകളെ ശരിയായി നടത്തുന്നതിലേക്കുള്ള ഉറപ്പിനു വേണ്ട ബാദ്ധ്യതയായി വെച്ചിരിക്കുന്നതാകുന്നു.

൨൨. വീഴ്ച നിമിത്തമോ ജോലി നടത്തൽ നിറുത്തിയതു നിമിത്തമോ ൩൦-ാം സ്വാതന്ത്ര്യാവകാശത്തെ വീണ്ടും വിൽക്കേണ്ടി വരുന്ന സംഗതിയിൽ പുതുതായി ഒരു കുത്തകക്കാരൻ ൩൦-ാം ജോലി തുടങ്ങുന്നതു വരേയോ ഗവൎമ്മെണ്ട് ആവശ്യം എന്നു വിചാരിക്കുന്ന സമയം വരെയൊ

ഡിപ്പാർട്ടുമെണ്ട് [illegible] മുഖേന [illegible] ലൈസെൻസ് കാലാവധി നടത്തുന്നതി ന എക്സൈസ് കമ്മീഷണർ ഗവമെണ്ട് [illegible] ആകുന്നു. പുനർ വിക്രയ [illegible] ദിവാൻ [illegible] പുനർ വിക്രയം [illegible] ദിവാൻ [illegible] ചെയ്യുന്നതായാൽ ആ [illegible] കാലത്തേക്ക ത [illegible] ദിവാൻ ചെയ്യാവുന്നതുമാകുന്നു. [illegible] സംഗതിയിലും എ [illegible] ഉത്തരവാദിയാകുന്നതാകുന്നു

